റാവു സാഹിബ്ബ് കെ. അയ്യപ്പൻ: ഒരു L. C. T. യിൽ കൊണ്ടുപോയി കൊടുക്കാവുന്നിടത്തോളം വെള്ളം കൊണ്ടുപോയി കൊടുക്കുന്നുണ്ട്. വേണ്ടിടത്തോളം വെള്ളം എല്ലാ സ്ഥലത്തും എത്തിക്കാൻ ഇപ്പോൾ സാദ്ധ്യമല്ല. അടുത്ത വേനൽക്കാലത്തു വെള്ളത്തിനു ക്ഷാമം നേരിടുന്നതിനുമുമ്പ് ഇതിനെക്കുറിച്ച് ആലോചിച്ചു വേണ്ടതുചെയ്യാം. അല്ലാതെ ഇപ്പോൾ അതിനു ശരിയായ മറുപടി പറയാൻ വിഷമമാണ്.

മിസ്റ്റർ എം. ഐ. പോൾ: എന്താണ് വിഷമം?

റാവു സാഹിബ്ബ് കെ. അയ്യപ്പൻ: ഇപ്പോൾ രാവിലെമുതൽ വൈകുന്നേരംവരെ കൊണ്ടുപോകുന്ന വെള്ളം മറ്റു സ്ഥലങ്ങളിലേയ്ക്കുകൂടി കൊടുക്കാൻ തികയുകയില്ല.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: വേനൽകാലത്തേക്കെങ്കിലും വെള്ളം കൊടുക്കാൻതക്കവിധം അതിനുമുമ്പു വേറെ L. C. T. കിട്ടുമോ എന്നും മറ്റുമുള്ള കാര്യങ്ങളും അന്വേഷിക്കരുതെ?

റാവു സാഹിബ്ബ് കെ. അയ്യപ്പൻ: അന്വേഷിക്കാം.

മിസ്റ്റർ എം. ഐ. പോൾ: ആ പ്രദേശങ്ങളിൽ മുഴുവനും വേണ്ടത്രവെള്ളം കൊടുക്കണമെന്നുണ്ടെങ്കിൽ അതിനു വെള്ളത്തിന്റെ കുറവ് ഇല്ലല്ലൊ?

റാവു സാഹിബ്ബ് കെ. അയ്യപ്പൻ: ആ പ്രദേശം മുഴുവൻ വെള്ളം കൊടുക്കണമെങ്കിൽ വെള്ളത്തിന്റെ കുറവുണ്ടാകും. അതിനെക്കുറിച്ചും ആലോചിക്കേണ്ടതാണ്.

മിസ്റ്റർ എം. ഐ. പോൾ: ഈ വക സ്ഥലങ്ങളിൽ വരുന്നകൊല്ലംമുതലെങ്കിലും ശുദ്ധജലം കൊടുക്കുന്നതിനെക്കുറിച്ച് ആലോചിക്കുവാൻ ദയവുണ്ടാകുമൊ?

റാവു സാഹിബ്ബ് കെ. അയ്യപ്പൻ: ദയവില്ലാത്തതുകൊണ്ടല്ല; പ്രായോഗിക വിഷമതകംകൊണ്ടാണ് സാധിക്കാത്തത്. ഏതായാലും അതിനെക്കുറിച്ചാലോചിക്കുന്നതാണ്.

SUB-TREASURY—INSTALLATION OF

205. ചെയർമാൻ ജി. എസ്സ്. ധാരാസിങ്ങ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവർമ്മെണ്ടു സദയം മറുപടി പറയുമൊ.—

മട്ടാഞ്ചേരിയിൽ ഒരു സബ്ട്രഷറി സ്ഥാപിച്ചുതരണമെന്നു കാണിച്ച് ഏതെങ്കിലും അപേക്ഷയോ മറ്റൊ ഗവർമ്മെണ്ടിനു കിട്ടിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനെക്കുറിച്ചു ഗവർമ്മെണ്ടു് എന്തുചെയ്തു?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: ഉണ്ട്. ഈ സംഗതിയെപ്പറ്റി ഗവർമ്മെണ്ടു് ആലോചിച്ചു് ഉടനെ തീരുമാനം ചെയ്യുന്നതാണ്.

ARTICAL IN THE "DEENABANDHU" DATED 18TH JUNE 1947

206. മിസ്റ്റർ കെ. എ. രാഘവൻ: താഴെ എഴുതുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട ഗവർമ്മെണ്ടിൽനിന്നും സദയം മറുപടിപറയുമോ.—

ജൂൺ 18 ജൂൺ 1947-ാംനു-യിലെ ദീനബന്ധുവിൽ "ഗവർമ്മെണ്ടു മറുപടി പറയണം" എന്ന തലക്കെട്ടിൽ പ്രസിദ്ധീകരിച്ചിട്ടുള്ള ഉപമുഖപ്രസംഗം ഗവർമ്മെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

റാവുസാഹിബ്ബ് എ. മാധവപ്രഭു: ഉവ്വ്.

മിസ്റ്റർ കെ. എ. രാഘവൻ: അതിന്റെ ഉള്ളടക്കം എന്തായിരുന്നു എന്നു പറയുമൊ?

റാവു സാഹിബ്ബ് എ. മാധവപ്രഭു: അതു് നെല്ലായി ഉപതിരഞ്ഞെടുപ്പിനെ സംബന്ധിച്ചുണ്ടായിട്ടുള്ള കുറെ ആക്ഷേപങ്ങളെ സംബന്ധിച്ചതായിരുന്നു. തിരഞ്ഞെടുപ്പിൽ മന്ത്രിമാർ പങ്കെടുത്തു; ഉദ്യോഗസ്ഥന്മാർ മന്ത്രിമാരെ സഹായിക്കാനായി പങ്കെടുത്തു എന്നൊക്കെ ആക്ഷേപമുണ്ട്. അതു ശരിയല്ലെങ്കിൽ ഗവർമ്മെണ്ടിൽനിന്നു അതിനെ പ്രതിഷേധിക്കേണ്ടതാണ് എന്നു ഗവർമ്മെണ്ടിനോടു ആവശ്യപ്പെടുന്ന ഒരു മുഖപ്രസംഗമായിരുന്നുഅതു്.

മിസ്റ്റർ ജോസ് കെ. വട്ടശ്ശ്ശ്: അപ്പോൾ അതു ശരിയാണൊ, തെറ്റാണൊ?

റാവുസാഹിബ്ബ് എ. മാധവപ്രഭു: തെറ്റാണ്.

LIBRARY ARCHIVES Kerala Legislative Assembly